എൽ.ഡി./യു.ഡി. ക്ലാർക്കുമാരുടെ അനുപാതം

52 (2895) ശ്രീ. ടി. വി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി./യു.ഡി. ക്ലാർക്കുമാരുടെ അനുപാതം 1:1 ആക്കിക്കൊണ്ട് 16-9-1995-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത വകുപ്പിൽ എൽ.ഡി.ക്ലാർക്കുമാരെ യു.ഡി.ക്ലാർക്കുമാരായി ഏറ്റവും ഒടുവിൽ പ്രമോട്ട് ചെയ്തതെന്നാണ് ;

(സി) 1:1 എന്ന അനുപാത പ്രകാരം ഇനിയും എത്ര എൽ.ഡി.ക്ലാർക്കുമാർക്ക് യു.ഡി.ക്ലാർക്കുമാരായി പ്രൊമോഷൻ നൽകാനുണ്ടെന്നും ഇവർക്ക് എന്നത്തേക്ക് പ്രൊമോഷൻ നൽകുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി./യു.ഡി. അനുപാതം 1:1 ആക്കിക്കൊണ്ട് 13-9-1985-ലെ ശമ്പള പരിഷ്ക്കരണ റിപ്പോർട്ടിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 11-2-2003, 28-2-2003, 24-4-2003 എന്നീ തീയതികളിലെ ഡിപിഐയുടെ ഉത്തരവ് നമ്പർ സി5/12/15234/02/ഡിപിഐ പ്രകാരം 282 എൽ.ഡി.ക്ലാർക്കുമാരെ പ്രൊമോട്ട് ചെയ്തു.

(സി) ഇനിയും 99 എൽ.ഡി.ക്ലാർക്കുമാർക്ക് യു.ഡി. ക്ലാർക്കുമാരായി പ്രൊമോഷൻ നൽകാനുണ്ട്. 15-7-2003-ലെ സ്റ്റാഫ് ഫിക്സേഷൻ കഴിഞ്ഞാൽ നിലവിലുള്ള ഒഴിവുകളിൽ പ്രൊമോഷൻ നടത്തുന്നതാണ്.

ട്രാവൽ ആന്റ് ടൂറിസം ഇൻസ്ട്രക്ടറുടെ വിദ്യാഭ്യാസ യോഗ്യത

53 (2896) ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വി.എച്ച്.എസ്.ഇ. സ്കൂളുകളിൽ ട്രാവൽ ആന്റ് ടൂറിസം ഇൻസ്ട്രക്ടറുടെ വിദ്യാഭ്യാസ യോഗ്യത വിശദമാക്കുമോ ;

(ബി) വരോട്, കെ.പി.എസ്.എം.എം.വി.എച്ച്.എസ്.സ്കൂളിലെ ട്രാവൽ ആന്റ് ടൂറിസം ഇൻസ്ട്രക്ടറായ ശ്രീമതി സി. സംഗീതയ്ക്ക് നിയമന അംഗീകാരം നൽകണമെന്നത് സംബന്ധിച്ച് 27-1-2003-ന് ശ്രീകൃഷ്ണപുരം നിയോജകമണ്ഡലം എം.എൽ.എ. തന്ന നിവേദനത്തിൻമേൽ വിദ്യാഭ്യാസവകുപ്പ് എന്ത് നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽ നിന്നും ചരിത്രം, ധനതത്വശാസ്ത്രം, ജിയോഗ്രാഫി ഇവയിലേതെങ്കിലും വിഷയത്തിൽ നേടിയ ബി.എ.ബിരുദം അല്ലെങ്കിൽ തത്തുല്യമായ യോഗ്യതയോടൊപ്പം ട്രാവൽ ആന്റ്

LIBRARY ARCHIVES Kerala Legislative Assembly